# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

## പൂയപ്പള്ളി പഞ്ചായത്ത്
## നാൽക്കവല വാർഡ് (16)
## കൊട്ടാരക്കര ബ്ലോക്ക്, കൊല്ലം ജില്ല


സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNASAK)
2-ആം നില, സി.ഡബ്ല്യൂ.സി ബിൽഡിംഗ്സ്,
എൽ.എം.എസ് കോമ്പൌണ്ട്, പാളയം, വികാസ് ഭവൻ
തിരുവനന്തപുരം- 695033

**ഫോൺ നമ്പർ: 0471--2724696.**

**ഇ-മെയിൽ**: **keralasocialaudit@gmail.com**



# ആമുഖം

ഇന്ത്യയിൽ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശത്തെ സംരക്ഷിച്ചു നിലനിർത്തുന്നതിനായി ഇന്ത്യൻ പാർലമെൻറ് 2005 പാസാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന് അടിസ്ഥാനത്തിൽ രൂപം കൊടുത്തിട്ടുള്ള പദ്ധതിയാണ് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.അവിദഗ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം അതുവഴി നിഷ്കർഷിക്കുക പെട്ട ഗുണമേന്മയുള്ളതും സ്ഥിരമായിട്ട് ഉള്ളതുമായ ഉൽപാദനക്ഷമമായ ആസ്തികളുടെ സൃഷ്ടിയും ആണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. 2005 സെപ്റ്റംബർ അഞ്ചിനാണ് പാർലമെൻറ് തൊഴിലുറപ്പ് നിയമം പാസാക്കിയത് 2006 ഫെബ്രുവരിയിൽ ഇന്ത്യയിലെ 100 ജില്ലകളിൽ പദ്ധതി ആരംഭിച്ചു കേരളത്തിൽ വയനാട് ജില്ലകളിലും പദ്ധതി വ്യാപിച്ചു കാലാകാലങ്ങളായി കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി ആയിരിക്കും പദ്ധതിയുടെ നടത്തിപ്പ്.

## പദ്ധതിയുടെ സവിശേഷതകൾ

- ✓ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം
- ✓ നിയമത്തിന്റെ പിൻബലമുള്ള അവകാശാധിഷ്ഠിത പദ്ധതി

- ✓ സ്ത്രീക്കും പുരുഷനും തുല്യ വേതനം
- ✓ കരാറുകാരെ ഇടനിലക്കാരോ ഇല്ല.
- ✓ പരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന വികസനം എന്നിവയാണ് മുൻഗണന
- ✓ തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുകയും അതിനുള്ള ആസൂത്രണത്തെ സഹായിക്കുകയും ചെയ്യുന്നു
- ✓ പൊതുജനപങ്കാളിത്തത്തോടെ കൂടിയുള്ള ലേബർ ബഡ്ജറ്റ്
- ✓ സ്ത്രീകൾക്ക് മുൻഗണന
- ✓ ഗ്രമസഭ തന്നെ പദ്ധതി ഓഡിറ്റ് ചെയുന്നു.

# സോഷ്യൽ ഓഡിറ്റ്

ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്തു നടപ്പിലാകുന്ന എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിന് വിദേയമാക്കണമെന്നു നിയമത്തിലെ 17(2)-ആം വകുപ്പ് നിഷ്കർഷിക്കുന്നു. പദ്ധതി പ്രവർത്തനത്തെ പറ്റിയും പൊതുധനം ചെലവഴിക്കുന്നതിനെപ്പറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ് തൊഴിലുറപ്പ് നിയമപ്രകാരം വർഷത്തിൽ രണ്ടു തവണ സോഷ്യൽ ഓഡിറ്റ്. ഗ്രാമസഭകൾ എല്ലാവാർഡിലും നടത്തേണ്ടതാണ്. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ അഥവാ സാമൂഹിക കണക്കെടുപ്പ് എന്നതിലൂടെ ഉദ്ദേശിക്കുന്നത് പ്രവർത്തി സ്ഥലങ്ങൾ അഥവാ വർക്ക് സൈറ്റുകൾ നേരിട്ടു സന്ദർശിച്ചും തൊഴിലുറപ്പ് തൊഴിലാളികളോടും നിർവ്വഹണ ഉദ്യോഗസ്ഥരോടും അഭിമുഖം നടത്തിയതിലൂടെയും ലഭ്യമായ രേഖകളുടെ വിശദ പരിശോധനയിലൂടെയും ലഭിക്കുന്ന വിവരങ്ങളെ ക്രോഡീകരിച്ച ഗ്രാമസഭകളിലൂടെ പൊതു സമൂഹത്തെ അറിയിക്കുക എന്നതാണ്. ഇപ്രകാരം ലഭിക്കുന്ന വിവരങ്ങളുടേയും ഗ്രാമസഭകളിൽ ഉയരുന്ന തൊഴിലുറപ്പ് തൊഴിലാളികളുടെ അഭിപ്രായങ്ങളുടേയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ അഭിപ്രായങ്ങളുടേയും അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിലെ സുതാര്യതയും ഉത്തരവാദിത്തവും ഊട്ടി ഉറപ്പിക്കുകയെന്നതാണ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ അഥവാ സാമൂഹിക കണക്കെടുപ്പ് എന്നതിലൂടെ ലക്ഷ്യമിടുന്നത് വസ്തുതാപരമായ കണ്ടത്തലുകളിലൂടെ തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളായ ഗ്രാമീണ ജനതയുടെ ഉന്നമനത്തിനും പദ്ധതിയുടെ മെച്ചപ്പെട്ട പ്രവർത്തനത്തിനും സോഷ്യൽ ഓഡിറ്റിലുടെ സാധിക്കുന്നു.

# സോഷ്യൽ ഓഡിറ്റ് പ്രക്രിയ

## 1. <u>പശ്ചാത്തലം ഒരുക്കൽ</u>

ബ്ലോക്ക് തലത്തിലും ഗ്രാമപഞ്ചായത്ത്തലത്തിലും പദ്ധതി നിർവഹണ ഉദ്യോഗസ്ഥനായ ബ്ലോക്ക് ഓഫീസർ (BDO), പഞ്ചായത്ത്സെക്രട്ടറി, മറ്റ് നിർവഹണ ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി ബ്ലോക്ക് റിസോഴ്സ് പേഴ്സൺ നടത്തിയ കൂടിയാലോചനയിൽ ഉരുത്തിരിഞ്ഞതിനനുസരിച്ച് തുടർപ്രക്രിയകൾ ആസൂത്രണം ചെയ്യുകയും സോഷ്യൽ ഓഡിറ്റ് ഗ്രമസഭാ തീയതി നിശ്ചയിക്കുകയും ചെയ്യുന്നു.

## 2. ഫയൽ പരിശോധന

സോഷ്യൽ ഓഡിറ്റ് പ്രക്രിയ ആരംഭിച്ചിരിക്കുന്ന തിയതിയ്ക്ക് മുൻപുള്ള ആറ് മാസക്കാലയളവിൽ വാർഡിലെ പ്രവൃത്തിഫയലുകൾ, രജിസ്റ്ററുകൾ, അതോടൊപ്പം അനുബന്ധരേഖകളും സൂക്ഷ്മപരിശോധനനടത്തുന്നു.

## 3. പ്രവൃത്തിസ്ഥല പരിശോധന

ഓരോ പ്രവൃത്തിയും എസ്റ്റിമേറ്റിൽ പ്രതിപാദിക്കുന്ന അളവിലും ഗുണത്തിലും നടപ്പിലാക്കിയിട്ടുണ്ടോ എന്നും ആ പ്രവൃത്തിയുടെ ഗുണഫലത്തിന്റെ വ്യാപ്തി തിട്ടപ്പെടുത്തുകയും പ്രസ്തുതതൊഴിലിടങ്ങളിൽ തൊഴിലാളികൾക്ക് ലഭിക്കേണ്ട അവകാശആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടോ എന്നും പ്രവൃത്തിസ്ഥല പരിശോധനയിലൂടെ ലക്ഷ്യം വെക്കുന്നു.

## 4. വീടു വീടാന്തരം ഉള്ള വിവരശേഖരണം

പദ്ധതി ഗുണഭോക്താക്കളുടെ വീടുവീടാന്തരം ചെന്ന് നേരിൽകണ്ട് പദ്ധതിയുടെ നിർവഹണത്തെക്കുറിച്ചും ഗുണഫലത്തെക്കുറിച്ചുമുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വരൂപിക്കുന്നു.

## 5. തെളിവ് ശേഖരണം

ഫയൽപരിശോധന, പ്രവൃത്തിസ്ഥലപരിശോധന, വീടുവീടാന്തരം ഉള്ള വിവരശേഖരണം തുടങ്ങിയ ഓഡിറ്റ് പ്രക്രിയ കണ്ടെത്തലുകളുടെ വസ്തുനിഷ്ഠമായ തെളിവ്ശേഖരണം നടത്തുന്നു.

## 6. സാമൂഹ്യ ബോധവൽക്കരണം

സാമൂഹ്യ ഇടപെടലുകളിലൂടെ പദ്ധതിവിജയം ഉറപ്പുവരുത്തി പൗരാവബോധം ഉയർത്തുകയും സോഷ്യൽഓഡിറ്റ് പ്രക്രിയവിജയിപ്പിക്കുകയും ചെയ്യുന്നതിന് ആവശ്യമായ ബോധവൽക്കരണം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

## 7. റിപ്പോർട്ട് തയ്യാറാക്കൽ

സോഷ്യൽഓഡിറ്റ് പ്രക്രിയയിലെകണ്ടെത്തലുകളും നിഗമനങ്ങളും, നിർദ്ദേശങ്ങളും സോഷ്യൽഓഡിറ്റ് ഗ്രാമസഭയിൽ ചർച്ച ചെയ്ത് അംഗീകാരം നടത്തുന്നതിനാവശ്യമായ കരട് റിപ്പോർട്ട് തയ്യാറാക്കുന്നു.

## 8. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ


പശ്ചാത്തലം ഒരുക്കൽ ചർച്ചയിൽ നിശ്ചയിക്കപ്പെട്ട ദിനത്തിൽ സൗകര്യപ്രദമായസ്ഥലത്ത് ഗ്രാമസഭചേർന്ന് കരട് റിപ്പോർട്ട് അവതരണവും, ചർച്ചയും, നിർദ്ദേശങ്ങളും, തിരുത്തൽ പ്രക്രിയകളും, അംഗീകാരം നേടിയെടുക്കുകയും തുടർനടപടികളും കൈകൊള്ളുന്നു.

## 9. അനുബന്ധ നടപടികൾ (ആക്ഷൻ ടേക്കൺ)

സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ എടുത്ത തീരുമാനങ്ങളുടെയും നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ എടുത്ത അനുബന്ധ നടപടികൾ അടുത്ത സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ ചർച്ച ചെയ്യുന്നു.

# ചരിത്രം

## പൂയപ്പള്ളി പഞ്ചായത്ത്




ചരിത്രം ഉറങ്ങിക്കിടക്കുന്ന മണ്ണാണ് പൂയപ്പള്ളി. കൊട്ടാരക്കര, ചിറയിൻകീഴ് താലൂക്കുകളിൽ ഒരു കാലത്ത് ബുദ്ധമതം പ്രചാരത്തിലിരുന്നതായി "കേരള വിജ്ഞാന കോശത്തിലും" ഇളംകുളം കുഞ്ഞൻപിള്ളയുടെ "അന്നത്തെകേരളം, സാംസ്കാരത്തിന്റെ നാഴിക കല്ലുകൾ" എന്നീ ഗ്രന്ഥങ്ങളിലും പ്രതിപാദിച്ചു കാണുന്നു. പൂയപ്പള്ളി പഞ്ചായത്തിലും ഒരു കാലത്ത് ബുദ്ധമതം പ്രചാരത്തിലിരുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്തിലെ മിക്കക്ഷേത്രങ്ങളിലും അടുത്തകാലം വരെ എടുപ്പുകുതിരക്കെട്ട് ഉണ്ടായിരുന്നു. അത് ബുദ്ധമതം ഇവിടെ പ്രചാരത്തിലിരുന്നതിന്റെ തെളിവായി എടുക്കാവുന്നതാണ്. പള്ളി എന്ന പദത്തിന് ബുദ്ധവിഹാരം, എഴുത്തുകളരി, പള്ളിക്കൂടം എന്നീ അർത്ഥങ്ങളാണുള്ളത്. പൂയപ്പള്ളി, മരുതമൺപള്ളി എന്നീ പേരുകൾ ബുദ്ധമതവുമായി ബന്ധപ്പെട്ടു വന്ന പേരുകളാണ്. പൂയം നക്ഷത്ര ദിവസങ്ങളിൽ ബുദ്ധമതാനുയായികൾ ആളുകളെ കൂട്ടി വിദ്യ അഭ്യസിച്ചിരുന്നുവെന്നും അതിൽ നിന്നാണ് പൂയപ്പള്ളി എന്ന പേര് ഈ പ്രദേശത്തിന് ലഭിച്ചതെന്നും പഴമക്കാർ പറയുന്നു. 'മരുതം' എന്ന പദത്തിന് നിരന്ന കൃഷിസ്ഥലം എന്നാണർത്ഥം. ഈ നിരന്ന കൃഷി സ്ഥലത്ത് ബുദ്ധമതവിഹാരങ്ങളോ പള്ളിക്കൂടങ്ങളോ

നിലനിന്നിരുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കണം മരുതമൺപള്ളി എന്ന പേര് വന്നിട്ടുള്ളത്.

ഓയൂരിന് സമീപമുള്ള ചുങ്കത്തറ തെക്കേയതിർത്തിയായും ഓടനാവട്ടത്തിനുവടക്കുള്ള ചുങ്കത്തറ വടക്കേയതിർത്തിയായും വെളിയം എന്നൊരു നാട്ടുരാജ്യം നിലനിന്നിരുന്നു. ഇവിടം ഭരിച്ചിരുന്ന നാടുവാഴിയുടെ പേര് 'വെളിയൻ' എന്നായിരുന്നുവെന്ന് ഇളംകുളം കുഞ്ഞൻപിള്ള രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പേരിൽനിന്നാണ് 'വെളിയം' എന്ന സ്ഥലപ്പേരുണ്ടായത്. പൂയപ്പള്ളി ഈ വെളിയം നാട്ടുരാജ്യത്തിൽ ഉൾപ്പെട്ടതായിരുന്നു. പൂയപ്പള്ളി പഞ്ചായത്തിലെ മരുതമൺപള്ളിയിലുള്ള 'മാക്രിയില്ലാകുളം' ഐതിഹ്യത്തിന്റെ പട്ടികയിൽപെടുന്നതാണ്. ഈ കുളത്തിൽ 'മാക്രികൾ' ജീവിക്കുന്നില്ല. സന്ധ്യാവന്ദനത്തിനായി കുളപ്പടിയിൽ ധ്യാനനിരതനായിരുന്ന നമ്പൂതിരിക്ക് മാക്രിയുടെ കരച്ചിൽ അലോരസം സൃഷ്ടിച്ചതായും, 'മേലിൽ ഈ കുളത്തിൽ മാക്രികൾ ഇല്ലാതെ പോകട്ടെ' യെന്ന് നമ്പൂതിരി ശപിച്ചതായും അന്നുമുതൽ ഈ കുളത്തിൽ മാക്രികൾ വാഴുന്നില്ലായെന്നുമാണ് ഐതിഹ്യം. ദേശീയ സ്വാതന്ത്ര്യസമരത്തിലും ഉത്തരവാദ ഭരണപ്രക്ഷോഭണത്തിലും ജന്മിത്വത്തിനെതിരായുള്ള സമരത്തിലും ഈ പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾ അവരുടേതായ പങ്ക് വഹിച്ചിട്ടുണ്ട്.

പൂയപ്പള്ളി തോട്ടത്തിൽ വൈദ്യരുടെ മകൻ കുഞ്ഞുകുഞ്ഞ് എന്ന് വിളിച്ചിരുന്ന ഇടിക്കുള എന്ന ആളുടെ നേതൃത്വത്തിൽ പൂയപ്പള്ളിയിൽ നിന്നും റ്റി.കെ.കോശി വൈദ്യൻ, മൈലോട് ചക്കന്റഴികത്ത് ഗോപാലൻ, പരമു, മൈലോട് തോട്ടത്തിൽവീട്ടിൽ രാമൻ, ഗോപാലൻ, മൈലോട് കുഴിവിളയിൽ നീലകണ്ഠൻ, പൂയപ്പള്ളി പ്ളാവിളവീട്ടിൽ ചാക്കോ, കല്ലുവിളവീട്ടിൽ ചാക്കോ തുടങ്ങിയ പന്ത്രണ്ട് പേർ തിരുവനന്തപുരത്ത് അക്കാമ്മ ചെറിയാന്റെ നേതൃത്വത്തിൽ നടന്ന സ്വാതന്ത്ര്യസമരപ്രക്ഷോഭണത്തിൽ പങ്കെടുത്തിട്ടുണ്ട്. ജന്മിത്വത്തിനെതിരായി ഈ പഞ്ചായത്തിൽ നടന്ന സമരം ശ്രദ്ധേയമാണ്. ഈ പഞ്ചായത്തിലെ കൊട്ടറ, മരുതമൺപള്ളി എന്നീ പ്രദേശങ്ങൾ തിരുവിതാംകൂറിലെ ഒന്നാമത്തെ ജന്മിയായിരുന്ന അകവൂർമന നമ്പൂതിരിയുടെ തനത് വകയായിരുന്നു. അകവൂർമനക്കാർക്ക് അന്നത്തെ രാജാവ് കരമൊഴിവായി നൽകിയ 600 ദേശവഴികളിൽപ്പെട്ട രണ്ട് ദേശവഴികളായിരുന്നു കൊട്ടറയും മരുതമൺപള്ളിയും. ഈ പ്രദേശത്തെ ഭൂമി, കുടിയാൻമാരെന്ന നിലയിൽ കൃഷിക്കാർ കൈവശം വയ്ക്കുകയും അകവൂർമനയ്ക്ക് കരം കൊടുക്കുകയും ചെയ്തുവരികയായിരുന്നു. യഥാർത്ഥ കൈവശക്കാരായ കുടിയാൻമാരുടെ അദ്ധ്വാനഫലം പാട്ടവും വാരവുമായി ചൂഷണം ചെയ്യപ്പെട്ടിരുന്നു. ഇതിനെതിരായി സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് തന്നെ ഈ പഞ്ചായത്തിൽ കുടിയാൻ പ്രക്ഷോഭം ആരംഭിച്ചിരുന്നു. ഈ പ്രക്ഷോഭത്തിന് നേതൃത്വം നൽകിയത് "കർഷകൻ" എന്ന അപരനാമധേയത്തിൽ പിൽക്കാലത്തറിയപ്പെട്ട വെളിയം ജി.കൃഷ്ണപിള്ള ആയിരുന്നു. ഈ പഞ്ചായത്തിലെ ആദ്യ പ്രസിഡന്റായിരുന്ന പി.ജനാർദ്ദനൻ കൃഷ്ണപിള്ളയ്ക്ക് സഹായിയായി മുൻപന്തിയിലുണ്ടായിരുന്നു.

കുടിയാൻമാരുടെ അവകാശപോരാട്ടങ്ങൾക്ക് നേതൃത്വം കൊടുക്കാൻ ജി.കൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ 'കുടിയാൻ' എന്ന പേരിൽ ആദ്യം ഒരു ദ്വൈമാസികയും പിന്നീടത് 'കർഷകൻ' എന്ന പേരിൽ ഒരു മാസികയും പ്രസിദ്ധീകരിച്ചിരുന്നു. കൃഷ്ണപിള്ള രചിച്ച് 1968 ൽ പ്രസിദ്ധീകരിച്ച 'മാക്രിയില്ലാക്കുളം' എന്ന പുസ്തകം കുടിയാൻ പ്രക്ഷോഭത്തിന്റെ സമരചരിത്രമാണ്. ആയൂർവേദചികിത്സാരംഗത്ത് പ്രഗൽഭരായ പലരും ഈ പഞ്ചായത്തിൽ മുൻകാലത്ത് ജീവിച്ചിരുന്നു. അതിൽ കൊട്ടാരം വൈദ്യൻമാരായ ചാവർകോട് വൈദ്യൻമാരുമായി

ബന്ധമുള്ള നെല്ലിപ്പറമ്പ് വലിയവീട്ടിൽ കൊച്ചുകുഞ്ഞ് വൈദ്യൻ ഇപ്പോഴും ജീവിച്ചിരിക്കുന്നു. ഇപ്പോൾ അദ്ദേഹത്തിന് 102 വയസ് പ്രായമുണ്ട്. പന്തളം കൊട്ടാരത്തിലെ വൈദ്യൻമാരായിരുന്ന നാല്ക്കവല ചിറക്കൽ വൈദ്യൻമാരും, അടുത്തകാലത്ത് അന്തരിച്ച മാണിവൈദ്യൻ വരെയുള്ള കൈപ്പള്ളിയഴികത്ത് വൈദ്യൻമാരും ഈ പഞ്ചായത്തിലെ വൈദ്യൻമാരുടെ പരമ്പരയിൽപ്പെടുന്നവരാണ്. കന്നുകാലി ചികിൽസയിൽ പ്രഗത്ഭനായിരുന്ന പാണയത്ത് പുത്തൻവീട്ടിൽ ഗോപാലക്കുറുപ്പ് വൈദ്യൻ അടുത്തകാലത്താണന്തരിച്ചത്. കൊട്ടറ അച്ചൻ എന്ന പേരിൽ അറിയപ്പെട്ടിരുന്ന കൊട്ടറ, ചെറുകരകുന്നിൻ കുടുംബാംഗമായ റവ: കെ. എം. ജേക്കബ് അവർകളുടെ പേര് ലോകത്ത് ഏറ്റവും കൂടുതൽ കാലം പുരോഹിതനായി സേവനമനുഷ്ഠിച്ചതിന്റെ പേരിൽ ഗിന്നസ്ബുക്കിന്റെ 1989 ലെ പതിപ്പിൽ വന്നിട്ടുള്ളതാണ്. 1831 ൽ ജനിച്ച അദ്ദേഹം 103-ാമത്തെ വയസിലാണ് അന്തരിച്ചത്. 86 വർഷം മാർത്തോമാസഭയിൽ പുരോഹിതനായി ഏറ്റവും കൂടുതൽ കാലം പ്രേഷിത പ്രവർത്തനം നടത്തിയ വൈദികൻ എന്ന നിലയിലാണ് അദ്ദേഹം ലോകറെക്കോർഡിനുടമയായത്.

റ്റി.കെ.കോശിവൈദ്യൻ സ്വാതന്ത്ര്യസമര പ്രക്ഷോഭണങ്ങളിൽ സജീവപങ്കാളിയായിരുന്നതുപോലെ തന്നെ പൂയപ്പള്ളി പഞ്ചായത്തിന്റെ വികസനത്തിന് പല രംഗങ്ങളിലും ആത്മാർത്ഥമായി പ്രവർത്തിച്ചിരുന്ന ആളും കോൺഗ്രസിന്റെ ഈ പ്രദേശത്തെ അറിയപ്പെടുന്ന നേതാവുമായിരുന്നു. പൂയപ്പള്ളി പോലീസ് സ്റ്റേഷൻ, ഹൈസ്ക്കൂൾ, സബ്രജിസ്ട്രാർ ആഫീസ് തുടങ്ങിയ പല പൊതുസ്ഥാപനങ്ങളും സ്ഥാപിക്കുന്നതിന് കോശിവൈദ്യന്റെ മുൻകൈ ഉണ്ടായിരുന്നു. തച്ചുശാസ്ത്രത്തിൽ അഗ്രഗണ്യനായിരുന്ന, തടികൊണ്ട് വിമാനം നിർമ്മിച്ച് 50 അടി ഉയരത്തിൽ പറപ്പിച്ച മൈലോട് ഇളവാംകോണത്ത് ശങ്കരനാചാരിയുടെ പേര് എടുത്ത് പറയേണ്ടതാണ്. കറങ്ങുന്ന എടുപ്പുകുതിരയും, ചലിക്കുന്ന ശില്പങ്ങളും, പ്രവർത്തിക്കുന്ന യന്ത്രങ്ങളും തടികൊണ്ട് നിർമ്മിക്കുന്നതിനുള്ള അസാധാരണ ബുദ്ധിവൈഭവം അദ്ദേഹം കാണിച്ചിരുന്നു. അദ്ദേഹത്തിന്റെ മകൻ ആർട്ടിസ്റ്റ് സി.എസ്.വിശ്വം ഇന്ന് ലോക പ്രശസ്തനാണ്. മോസ്കോയിലെ ഗോർക്കി റിക്രിയേഷൻ സെന്ററിൽ പ്രദർശിപ്പിച്ചിരിക്കുന്ന ആനക്കൊമ്പിലുള്ള നെഹ്റു ഗാന്ധിപ്രതിമകൾ, വത്തിക്കാൻ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിരിക്കുന്ന 'വിശുദ്ധ കർമ്മലമാതാവും ഉണ്ണി മിശിഹായും' ദന്തപ്രതിമ, ലണ്ടൻ മ്യൂസിയത്തിൽ വച്ചിട്ടുള്ള ദന്ത വിഗ്രഹമായ മഹാലക്ഷ്മി, ലണ്ടൻ ടെമ്പിൾ സ്റ്റാർ മ്യൂസിയത്തിൽ "കോർട്ട് ഓഫ് ആം", യു. എൻ. ഒ. യിലെ ബുദ്ധപ്രതിമ, ന്യൂയോർക്കിലെ റീഡേഴ്സ് ഡൈജസ്റ്റ് മാഗസിൻ ഓഫീസിൽ പ്രദർശിപ്പിച്ചിട്ടുള്ള 'ന്യൂസ്പേപ്പർബോയ്" തുടങ്ങിയ ശിൽപ്പങ്ങൾ വിശ്വത്തിന്റെ ലോകപ്രശസ്ത നിർമ്മിതികളാണ്.

## പഞ്ചായത്തിൽ സൂക്ഷിക്കേണ്ട 7 രജിസ്റ്ററുകൾ

1. തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷകരുടെ രജിസ്റ്റർ.
2. ഗ്രാമസഭ സോഷ്യൽ ഓഡിറ്റ്, ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ.
3. തൊഴിൽ ആവശ്യപ്പെടുന്നതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ.
4. പ്രവർത്തിലിസ്റ്റ് ചെലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ.
5. സ്ഥിര ആസ്തികളുടെ രജിസ്റ്റർ.
6. പരാതി രജിസ്റ്റർ.

7. സാധന രജിസ്റ്റർ.

### *1. തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷകരുടെ രജിസ്റ്റർ.*

തൊഴിൽ കാർഡ് രജിസ്റ്റർ പൂർണമായിരുന്നു

### *2. ഗ്രാമസഭ സോഷ്യൽ ഓഡിറ്റ്, ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ.*

ഗ്രാമസഭ സോഷ്യൽ ഓഡിറ്റ്, ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭിച്ചില്ല.

### *3. തൊഴിൽ ആവശ്യപ്പെടുന്നതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ.*

തൊഴിൽ ആവശ്യപ്പെടുന്നതും കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ പൂർണമാണ്.

### *4. പ്രവർത്തിലിസ്റ്റ് ചെലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ.*

വർക്ക് രജിസ്റ്റർ അപൂർണമായിരുനന്നു. പൂർത്തിയായ പല പ്രവർത്തികളും വർക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

### *5. സ്ഥിര ആസ്തികളുടെ രജിസ്റ്റർ.*

ലിസ്റ്റ് പൂർണമായും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

### *6. പരാതി രജിസ്റ്റർ.*

പരാതി റെജിറ്ററിൽ പരാതികൾ രേഖപ്പെടുത്തിയിട്ടുണ്ട്. പരാതികൾ പരിഹരിച്ചതായും കാണാൻ കഴിഞ്ഞു. പരാതിക്കുമേൽ സ്വീകരിച്ച നടപടിയും തീയതിയും രേഖപ്പെടുത്തിയിട്ടുണ്ട്.

### *7. സാധന രജിസ്റ്റർ.*

സാധനാ രജിസ്റ്റർ പൂർണമായിരുന്നു.

# സോഷ്യൽ ഓഡിറ്റ്ഫയൽ പരിശോധനക്കു വിധേയമാക്കിയ പ്രവൃത്തികൾ

| ക്രമനമ്പർ | പ്രവൃത്തിയുടെപേര് | വർക്ക്കോഡ് |
|---|---|---|
| 1 | മരുതമൺ പള്ളി തോട് നവീകരിക്കുക | WH/317612 |
| 2 | ചിറക്കൽ ചിറ പാലൂർകോണം കനാൽ നവീകരണം | IC/321108 |
| 3 | നാൽക്കവല തടിമില്ല് കനാൽ നവീകരണം | IC/321111 |
| 4 | പാലൂർകോണം കനാൽ സൈഡ് നടപ്പാത കോൺക്രീറ്റ് ചെയ്യുക | RC/66823 |
| 5 | മണ്ണ്, ജല സംരക്ഷണ പ്രവർത്തികൾ നീർത്തട അതിഷ്ഠിതം | IF/362295 |
| 6 | മഴക്കുഴി, മൺ കയ്യാല നിർമ്മിക്കുക | IF/346801 |

## ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ വിവരങ്ങൾ

| | | |
|---|---|---|
| 1 | കവർപേജ് | വാർഷികമാസ്റ്റർ സർക്യൂലർ പ്രകാരമുള്ള കവർപേജ് പരിശോധിച്ച ഫയ്ലുകളിൽ ഇല്ലായിരുന്നു |
| 2 | ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യൂമെന്റസ് | പരിശോധിച്ച ഒരു ഫയലിലും ചെക്ക് ലിസ്റ്റ് ഡോക്യൂമെന്റസ് കാണാൻ കഴിഞ്ഞില്ല. |
| 3 | വാർഷിക കർമ്മ പദ്ധതിയുടെ പകർപ്പ് | വാർഷിക കർമ്മ പദ്ധതിയുടെ പകർപ്പ് പരിശോധിച്ച ഒരു ഫയലുകളിലും കാണാൻ സാധിച്ചില്ല. |
| 4 | വിശദമായ സാങ്കേതിക എസ്റ്റിമേറ്റിന്റെ പകർപ്പ് | വിശദമായ എസ്റ്റിമേറ്റിന്റെ പകർപ്പ് എല്ലാ ഫയലുകളിലും വിശദമായ എസ്റ്റിമേറ്റ് ഉണ്ടായിരുന്നു. AE, AS ഒപ്പും സീലും പരിശോധിച്ച എല്ലാ ഫയലുകളിലും കാണാൻ സാധിച്ചു. |
| 5 | ജനകിയ എസ്റ്റിമേറ്റ് | ജനകിയ എസ്റ്റിമേറ്റ്, അബ്സ്ട്രാക്റ്റ് |

| | | |
|---|---|---|
| | | എസ്റ്റിമേറ്റ് പരിശോധിച്ച ഫയലുകളിൽ കണ്ടെത്തിയില്ല. |
| 6 | സാങ്കേതിക അനുമതിയുടെ പകർപ്പ് | സാങ്കേതിക അനുമതിയുടെ പകർപ്പ് ഫയലിൽ കാണാൻ സാധിച്ചെങ്കിലും അവ സെക്യൂർ കോപ്പി ആയിരുന്നില്ല |
| 7 | ഭരണാനുമതി | പരിശോധിച്ച എല്ലാ ഫയലിലും ഭരണാനുമതി പകർപ്പ് കാണാൻ സാധിച്ചില്ല. |
| 8 | സംയോജിതപദ്ധതി | പരിശോധിച്ച പ്രവൃത്തി സംയോജിത പദ്ധതി ആയിരുന്നില്ല. |
| 9 | തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ | IC/321111,RC/66823,WH/317612,IC/321108 എന്ന ഫയലിൽ തൊഴിൽ ആവശ്യപ്പെട്ടുള്ള അപേക്ഷകൾ ഉൾപ്പെടുത്തിയിട്ടില്ല. മറ്റു ഫയലുകളിൽ അപേക്ഷകൾ ഉണ്ടായിരുന്നു. |
| 10 | തൊഴിൽ അനുവദിച്ച സംബന്ധിച്ച വിവരങ്ങൾ | തൊഴിൽ അനുവദിച്ച സംബന്ധിച്ച വിവരങ്ങൾ പ്രവൃത്തി അനുവദിച്ച സംബന്ധിച്ച വിവരങ്ങൾ പ്രവൃത്തി ഫയലുകളിൽ കണ്ടില്ല. |
| 11 | മസ്റ്റർറോൾ | എല്ലാ പ്രവൃത്തി ഫയലുകളിലും മസ്റ്റർറോളുകൾ ഉണ്ടായിരുന്നു. മേറ്റിന്റെ ഒപ്പ് എല്ലാ മസ്റ്റർ റോളുകളിലും ഉണ്ടായിരുന്നു എന്നാൽ എം ബുക്ക്നമ്പർ രേഖപെടുത്തിരുന്നില്ല.<br>ബി പി ഓ യുടെ ഒപ്പും സീലും കാണാൻ സാധിച്ചു തൊഴിലാളികളുടെ പേര് ,ഒപ്പു, ഹാജർ, വേതനം, രേഖപെടുത്തിട്ടുണ്ടായിരുന്നു.<br><br>പരിശോധിച്ച് മസ്ട്രോളിൽ ട്രാവലിംഗ് ചാർജ് രേഖപ്പെടുത്തിയിട്ടുണ്ട്, എന്നാൽ അനുബന്ധരേഖകൾ ഇല്ല |
| 12 | മെഷർ മെന്റെ ബുക്ക് | എംബുക്ക്നമ്പർ, പേജ്നമ്പർ എന്നിവ രേഖപ്പെടുത്തിട്ടിട്ടുണ്ട്.വർക്ക്കോഡ് രേഖപ്പെടുത്തിരുന്നില്ല. പദവികൾ രേഖപ്പെടുത്താത്ത ഒപ്പുകൾ കാണാൻ സാധിച്ചു. ഭൂഉടമയുടെ സർവ്വേ നമ്പർ, വസ്തുവിന്റെ അളവ് എന്നിവ മെഷർ മെന്റെ ബുക്കിൽ രേഖപെടുത്തിരുന്നു. അളവുകൾ എടുത്ത തീയതി രേഖപെടുത്തിരുന്നില്ല. |
| 13 | സാധനസാമഗ്രികളെ കുറിച്ചുള്ള | RC/66823 എന്ന പ്രവൃത്തിയുടെ |

| | | |
|---|---|---|
| | വിവരങ്ങൾ | മെറ്റീരിയൽ ലിസ്ററ് കാണാൻ കഴിഞ്ഞു. |
| 14 | വേജ് ലിസ്റ്റ് | മസ്റ്റർറോളിന്ആനുപാതികമായ വേജ് ലിസ്റ്റ് 6 ഫയലുകളിൽ കാണാൻ സാധിച്ചു.<br><br>Work Code: IF/362295 ൽ മസ്റ്റർ റോളിലും വേജ്ലിസ്റ്റിലും വ്യത്യസ്തമായാണ് 4 തൊഴിലാളികളുടെ അറ്റൻഡൻസും ട്രാവലിംഗ് അലവൻസും രേഖപ്പെടുത്തിയിരിക്കുന്നത്.<br>1. മസ്റ്റർ റോൾ നമ്പർ 9602, തൊഴിൽ കാർഡ് നമ്പർ 016/1, ലീലാമ്മ കനക രാജ്<br>2. മസ്റ്റർ റോൾ നമ്പർ 9603, തൊഴിൽ കാർഡ് നമ്പർ 016/1929, രമണി<br>3. മസ്റ്റർ റോൾ നമ്പർ 11716, തൊഴിൽ കാർഡ് നമ്പർ 016/472, ബേബി<br>4. മസ്റ്റർ റോൾ നമ്പർ 12398, തൊഴിൽകാർഡ് നമ്പർ 016/560, ഇന്ദു ആർ |
| 15 | ഫണ്ട് ട്രാൻസ്ഫർ ഓർഡർ | RC/66823 ഫയലിൽ മാത്രമേ കാണാൻ സാധിച്ചുള്ളൂ. |
| 16 | റോയലിറ്റി | പരിശോധിച്ച ഫയ്ലുകളിൽ കാണാൻ സാധിച്ചില്ല. |
| 17 | 3 ഘട്ട ഫോട്ടോഗ്രാഫ് | 3 ഘട്ട ഫോട്ടോഗ്രാഫ്സ് ഇല്ലായിരുന്നു. |
| 18 | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം | പരിശോധിച്ച ഒരു ഫയലുകളിലും പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം കാണാൻ സാധിച്ചില്ല. |
| 19 | മസ്റ്റർറോൾ മൂവേമെന്റ്സ്ലിപ്പ് അഥവാ ഫയൽ ട്രാക്കിങ്ഫോം | WH/317612,RC/66823 എന്നീ ഫയലുകളിൽ ഫയൽ ട്രാക്കിംഗ് ഫോം കാണാൻ സാധിച്ചില്ല. |
| 20 | ജിയോ ടാഗ് ഫോട്ടോഗ്രാഫ്സ് | ഒരു പ്രവൃത്തി ഫയലുകളിലും കാണാൻ കഴിഞ്ഞില്ല. |
| 21 | സൈറ്റ്ഡയറി | വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ട്, ചെക്ക് ലിസ്റ്റ്, പ്രൊജക്റ്റ് മീറ്റിംഗ് റിപ്പോർട്ട്, സന്ദർശക കുറിപ്പ്, എന്നിവ ഉണ്ടായിരുന്നു. തൊഴിലാളികളുടെ സാക്ഷ്യപത്രം, പദ്ധതി ചിലവ്, ചികിൽത്സ ചിലവ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |
| 22 | സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് | സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് നിലവിൽ കാണാൻ സാധിച്ചില്ല. |

## ഫീൽഡ് പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ

| | |
|---|---|
| പ്രവർത്തിയുടെ കോഡ് : WH/317612<br><br>മരുതമൺ പള്ളി തോട് നവീകരിക്കുക | • തോടിന്റെ വശങ്ങളിൽ കാടു പിടിച്ചിട്ടുണ്ടായിരുന്നു.<br><br>• ജലം വൃത്തി ഉള്ളതായി കാണപ്പെട്ടു.<br><br>• M ബുക്കിൽ ഡിസ്പ്ലേ ബോർഡിന്റെ തുക എഴുതിട്ടുണ്ടെങ്കിലും ഡിസ്പ്ലേ ബോർഡ് കാണാൻ സാധിച്ചില്ല. |
| പ്രവർത്തിയുടെ കോഡ് : IC/321108<br><br>ചിറക്കൽ ചിറ പാലൂർകോണം കനാൽ നവീകരണം | • കനാൽ കാടുപിടിച്ചു മൂടപ്പെട്ട അവസ്ഥയിലായിരുന്നു.<br><br>• കെട്ടിക്കിടക്കുന്ന വെള്ളവും നിക്ഷേപിക്കപ്പെട്ട കുപ്പികൾ, പ്ലാസ്റ്റിക് വേസ്റ്റ് എന്നിവയും കനാലിൽ കാണാൻ സാധിച്ചു.<br><br>• കനാലിന്റെ ഇരു വശവും പുല്ലു വളർന്ന് കാടുകയറിയ അവസ്ഥയിലായിരുന്നു.<br><br>• കനാലിന്റെ കരയിൽ പ്രവർത്തിയുടെ ഡിസ്പ്ലേ ബോർഡ് കാണാൻ സാധിച്ചു. എന്നാൽ തൊഴിൽ ദിനങ്ങൾ, പ്രവർത്തി ആരംഭിച്ച തീയതി,അവസാനിച്ച തീയതി, എസ്റ്റിമേറ്റ് തുക തുടങ്ങിയവ വ്യത്യസ്തമായി കാണാൻ കഴിഞ്ഞു. |
| പ്രവർത്തിയുടെ കോഡ് : IC/321111<br><br>നാൽക്കവല തടിമില്ല് കനാൽ നവീകരണം | • കനാൽ കാടുപിടിച്ചു മൂടപ്പെട്ട അവസ്ഥയിലായിരുന്നു.<br><br>• കെട്ടിക്കിടക്കുന്ന വെള്ളവും നിക്ഷേപിക്കപ്പെട്ട കുപ്പികൾ, പ്ലാസ്റ്റിക് വേസ്റ്റ് എന്നിവയും കനാലിൽ കാണാൻ സാധിച്ചു.<br><br>• കനാലിന്റെ ഇരു വശവും പുല്ലു വളർന്ന് കാടുകയറിയ അവസ്ഥയിലായിരുന്നു.<br><br>• കനാലിന്റെ കരയിൽ പ്രവർത്തിയുടെ ഡിസ്പ്ലേ |

| | |
|---|---|
| | ബോർഡ് കാണാൻ സാധിച്ചു. എന്നാൽ തൊഴിൽ ദിനങ്ങൾ, പ്രവർത്തി ആരംഭിച്ച തീയതി, അവസാനിച്ച തീയതി, എസ്റ്റിമേറ്റ് തുക തുടങ്ങിയവ വ്യത്യസ്തമായി കാണാൻ കഴിഞ്ഞു. |
| പ്രവർത്തിയുടെ കോഡ് : RC/66823<br><br>പാലൂർകോണം കനാൽ സൈഡ് നടപ്പാത കോൺക്രീറ്റ് ചെയ്യുക | • എം ബുക്കിൽ പറഞ്ഞതുപോലെ 164 മീറ്റർ റോഡ് കാണാൻ സാധിച്ചു.<br><br>• റോഡ് സഞ്ചാരയോഗ്യം ആയിരുന്നു അതുപോലെ റോഡ് നല്ല രീതിയിൽ സംരക്ഷിച്ചിട്ടുണ്ട്.<br><br>• ഡിസ്പ്ലേ ബോർഡ് കാണാൻ സാധിച്ചു. |
| പ്രവർത്തിയുടെ കോഡ് : IF/362295<br><br>മണ്ണ്, ജല സംരക്ഷണ പ്രവർത്തികൾ നീർത്തട അതിഷ്ഠിതം | • 13 പുരയിടങ്ങളിൽ ആണ് ഫീൽഡ് പരിശോധന നടത്തിയത്.<br><br>1. ചിന്നമ്മ, ഗ്ലോറി ഭവൻ<br><br>➢ 37 സെന്റിലായി തട്ടു തിരിച്ചിരിക്കുന്നത് കാണാൻ സാധിച്ചു. വസ്തു വൃത്തിയാക്കിയിരിക്കുന്നു.<br><br>2. അന്നമ്മ ബേബി, കൂരോംവിള വീട്<br><br>➢ 1 ഏക്കർ 67 സെന്റിലായി തട്ടു തിരിച്ചിരിക്കുന്നത് കാണാൻ സാധിച്ചു. വസ്തു വൃത്തിയാക്കിയിരിക്കുന്നു.<br><br>3. ശോഭന R, അനി സദനം<br><br>➢ 24 സെന്റിലായി തട്ടു തിരിച്ചിരിക്കുന്നത് കാടു ആയതിനാൽ കാണാൻ സാധിച്ചില്ല.<br><br>4. സാലമ്മ, കാനാവിൽ ഹൌസ്<br><br>➢ 34 സെന്റിലായി തട്ടു തിരിച്ചിരിക്കുന്നത് കാണാൻ സാധിച്ചു. വസ്തു വൃത്തിയാക്കിയിരിക്കുന്നു.<br><br>5. ദീപ കുമാരി, അഞ്ജനം |

| | |
|---|---|
| | ➢ 18 സെന്റിലായി തട്ടു തിരിച്ചിരിക്കുന്നത് അറിയാൻ സാധിക്കുന്നില്ല . വസ്തു വൃത്തിയാക്കിയിരിക്കുന്നു.<br><br>6. പ്രസന്ന കുമാരി R, ചരുവിള പുത്തൻ വീട്<br><br>➢ 59 സെന്റിലായി തട്ടു തിരിച്ചിരിക്കുന്നത് കാണാൻ സാധിച്ചു. വസ്തു വൃത്തിയാക്കിയിരിക്കുന്നു.<br><br>7.ബാബു ചാക്കോ, വിളപ്പുറത്തു കിഴക്കേതിൽ<br><br>➢ 46 സെന്റിലായി തട്ടു തിരിച്ചിരിക്കുന്നത് കാണാൻ സാധിച്ചു. വസ്തു വൃത്തിയാക്കിയിരിക്കുന്നു.<br><br>8. ഉഷ കുമാരി, അശ്വനി നിവാസ്<br><br>➢ 51 സെന്റിലായി തട്ടു തിരിച്ചിരിക്കുന്നത് കാണാൻ സാധിച്ചു. വസ്തു വൃത്തിയാക്കിയിരിക്കുന്നു.<br><br>9. ഷീല കുമാരി, അഭിലാഷ് ഭവൻ<br><br>➢ 19 സെന്റിലായി തട്ടു തിരിച്ചിരിക്കുന്നത് കാണാൻ സാധിച്ചു. വസ്തു വൃത്തിയാക്കിയിരിക്കുന്നു.<br><br>10.മറിയാമ്മ, ചരുവിള പുത്തൻ വീട്<br><br>➢ 46 സെന്റിലായി തട്ടു തിരിച്ചിരിക്കുന്നത് കാടു ആയതിനാൽ കാണാൻ സാധിച്ചില്ല.<br><br>11.അജിത രാജൻ, ആലുവിള വീട്<br><br>➢ 1 ഏക്കർ 82 സെന്റിലായി തട്ടു തിരിച്ചിരിക്കുന്നത് കാടു ആയതിനാൽ കാണാൻ സാധിച്ചില്ല.<br><br>12. V. D. കുഞ്ഞുമോൻ,വിളപ്പുറത്തു ജോബിൻ വില്ല |

| | |
|---|---|
| | ➢ 55 സെന്റിലായി തട്ടു തിരിച്ചിരിക്കുന്നത് കാടു ആയതിനാൽ കാണാൻ സാധിച്ചില്ല.<br><br>13. ബിന്ദു P, കളീലഴികത്ത് വീട്<br><br>➢ 38 സെന്റിലായി തട്ടു തിരിച്ചിരിക്കുന്നത് അറിയാൻ സാധിക്കുന്നില്ല .<br><br>• M ബുക്കിൽ ഡിസ്പ്ലേ ബോർഡിന്റെ തുക എഴുതിട്ടുണ്ടെങ്കിലും ഡിസ്പ്ലേ ബോർഡ് കാണാൻ സാധിച്ചില്ല. |
| പ്രവർത്തിയുടെ കോഡ് : IF/346801<br><br>മഴക്കുഴി, മൺ കയ്യാല നിർമ്മിക്കുക | • 23 പുരയിടങ്ങളിൽ ആണ് ഫീൽഡ് പരിശോധന നടത്തിയത്.<br><br>1. ഉഷാകുമാരി-വൈഷ്ണവം<br><br>➢ കയ്യാല--- എം.ബുക്കിൽ 119 മീറ്റർ എന്നാണു എഴുതി ഇരിക്കുന്നത് എന്നാൽ 84 മീറ്റർ ആണ് കാണാൻ കഴിഞ്ഞത്.<br><br>➢ ഇവിടെ ഒരു റീചാർജിങ് കുഴി കാണാൻ കഴിഞ്ഞു.<br><br>➢ കമ്പോസ്റ്റ് കുഴി -എം ബുക്കിൽ പറഞ്ഞ അളവിൽ കമ്പോസ്റ്റ് കുഴി കാണാൻ കഴിഞ്ഞു അതിൽ വേസ്റ്റ് ഇട്ടു കത്തിച്ചിരിക്കുന്നു.<br><br>➢ മഴക്കുഴി -എം ബുക്കിൽ 6 മഴക്കുഴി എഴുതിയിരിക്കുന്നു എന്നാൽ മൂടപ്പെട്ട രീതിയിൽ 5 എണ്ണം മാത്രമാണ് കണ്ടത്.<br><br>2. ഡൈനീഷ്യ സ്റ്റീഫൻ -ഐ നിവാസ്<br><br>➢ കയ്യാല ---എം.ബുക്കിൽ 145 മീറ്റർ എന്നാണു എഴുതി ഇരിക്കുന്നത് എന്നാൽ 102.7 മീറ്റർ ആണ് കാണാൻ കഴിഞ്ഞത്.<br><br>3. ലീലാമ്മ കനകരാജ്-പാലൂർക്കോണത്ത് തുണ്ടുവിള |

| | |
|---|---|
| | ➢ കയ്യാല---എം.ബുക്കിൽ 170 മീറ്റർ എന്നാണു എഴുതി ഇരിക്കുന്നത് എന്നാൽ 55 മീറ്റർ ആണ് കാണാൻ കഴിഞ്ഞത്<br><br>➢ മഴക്കുഴി--എം ബുക്കിൽ 4 എണ്ണം എഴുതിയിട്ടുണ്ട് എന്നാൽ വീടിനു തെക്കു ഭാഗത്ത് ആയത് കൊണ്ടു ഉടമസ്ഥർ കുഴി മൂടിയതാണ് എന്ന് മേറ്റുമാരിൽ നിന്നും അറിയാൻ കഴിഞ്ഞു.<br><br>➢ കമ്പോസ്റ്റ് കുഴി-കമ്പോസ്റ്റ് കുഴിയിൽ കരീല മൂടപ്പെട്ടു കിടക്കുന്നു.<br><br>4. മറിയാമ്മ ഡാനിയേൽ -ചരുവിള പുത്തൻ വീട്<br><br>➢ കയ്യാല--- എം.ബുക്കിൽ296 മീറ്റർ എന്നാണു എഴുതി ഇരിക്കുന്നത് എന്നാൽ 196.9 മീറ്റർ മാത്രമാണ് കാണാൻ കഴിഞ്ഞത്.<br><br>➢ മഴക്കുഴി ---എം ബുക്കിൽ പറഞ്ഞതുപോലെ 2 മഴകുഴി കാണാൻ സാധിച്ചു.<br><br>5. ദീപാകുമാരി,അഞ്ജനം<br><br>➢ മഴക്കുഴി ---എം ബുക്കിൽ പറഞ്ഞതുപോലെ 4 മഴകുഴി കാണാൻ സാധിച്ചു എന്നാൽ അതിൽ തെങ്ങു കൃഷി ചെയ്തിരിക്കുന്നു.<br><br>6. ശോഭന R-അനി സദനം<br><br>➢ കയ്യാല---എം.ബുക്കിൽ 35 മീറ്റർ എന്നാണു എഴുതി ഇരിക്കുന്നത് എന്നാൽ 31.6 മീറ്റർ മാത്രമാണ് കാണാൻ സാധിച്ചത്<br><br>➢ മഴക്കുഴി ---എം ബുക്കിൽ പറഞ്ഞതുപോലെ 2 മഴകുഴി |

| | |
|---|---|
| | കാണാൻ സാധിച്ചു എന്നാൽ അതിൽ വാഴ കൃഷി ചെയ്തിരിക്കുന്നു.<br>7. ഗീതാകുമാരി-സൂര്യാലയം<br>➢ കയ്യാല---എം.ബുക്കിൽ 98 മീറ്റർ എന്നാണു എഴുതി ഇരിക്കുന്നത് എന്നാൽ അവിടെ 129.9 മീറ്റർ കാണാൻ സാധിച്ചു, കയ്യാലയിൽ ഓട് നിരത്തി സംരക്ഷിച്ചിരിക്കുന്നത് കാണാൻ കഴിഞ്ഞു<br>➢ മഴക്കുഴി ---എം ബുക്കിൽ 6 മഴകുഴി എഴുതിയിരിക്കുന്നു എന്നാൽ അവിടെ 7 എണ്ണം കാണാൻ സാധിച്ചു അതിൽ വാഴ കൃഷി ചെയ്തിരിക്കുന്നു.<br>8. കമലാക്ഷി -തെങ്ങുവിള വീട്<br>➢ കയ്യാല---എം.ബുക്കിൽ 28 മീറ്റർ എന്നാണു എഴുതി ഇരിക്കുന്നത് എന്നാൽ അവിടെ 24.2 മീറ്ററേ കാണാൻ സാധിച്ചുള്ളൂ.<br>➢ മഴക്കുഴി- എം ബുക്കിൽ 5 മഴക്കുഴി എഴുതിയിരിക്കുന്നു, അവിടെ 5 മഴക്കുഴിയിൽ വാഴ തെങ്ങ് വേസ്റ്റ് എന്നിവ കാണാൻ കഴിഞ്ഞു<br>➢ കമ്പോസ്റ്റ് കുഴി-പ്ലാസ്റ്റിക്, വേസ്റ്റ് വാരി ഇട്ടിരിക്കുന്നു<br>9. സോമരാജൻ -ചരുവിള പുത്തൻ വീട്<br>➢ മഴക്കുഴി- എം ബുക്കിൽ പറഞ്ഞതുപോലെ 10 മഴകുഴി കാണാൻ സാധിച്ചു എന്നാൽ അതിൽ എല്ലാം വാഴ കൃഷി ചെയ്തിരിക്കുന്നു.<br>10. അനിത -അജിൻ ഭവൻ |

| | |
|---|---|
| | ➢ കയ്യാല---എം.ബുക്കിൽ 28 മീറ്റർ എന്നാണു എഴുതി ഇരിക്കുന്നത് എന്നാൽ അവിടെ 36.8 മീറ്റർ കാണാൻ സാധിച്ചു.<br><br>➢ M.ബുക്കിൽ 4 മഴകുഴി എഴിതിയിട്ടുണ്ട് എന്നാൽ അവിടെ മഴ കുഴി എടുത്തിട്ടില്ല എന്ന് മേറ്റ് പറഞ്ഞു.<br><br>11. ഉഷാകുമാരി-അശ്വൻ നിവാസ്<br><br>➢ കയ്യാല---എം.ബുക്കിൽ 181 മീറ്റർ എന്നാണു എഴുതി ഇരിക്കുന്നത് എന്നാൽ അവിടെ 78 മീറ്റർ നീളവും 1.5 മീറ്റർ ഉയരവും ഉള്ള കയ്യാല ആണ് കണ്ടത്,നീളം കുറച്ച് ഉയരം ഇട്ടു ചെയ്യാൻ പഞ്ചായത്തിൽ നിന്നും പറഞ്ഞതാണെന്നു മേറ്റിൽ നിന്ന് അറിഞ്ഞു, കയ്യാലയിൽ കമ്പി വേലി ഇട്ടും, പ്ലാസ്റ്റിക് ഷീറ്റ് വിരിച്ചും സംരക്ഷിച്ചിട്ടുണ്ട്<br><br>➢ മഴക്കുഴി--എം ബുക്കിൽ പറഞ്ഞത് പോലെ 2 മഴക്കുഴി കാണാൻ കഴിഞ്ഞു<br><br>➢ കമ്പോസ്റ്റ് കുഴി- കരീല മൂടികിടക്കുന്നത് കാണാൻ കഴിഞ്ഞു<br><br>12. രത്നമ്മ അമ്മ- ലക്ഷ്മി നിലയം<br><br>➢ കയ്യാല---എം.ബുക്കിൽ 53 മീറ്റർ എന്നാണു എഴുതി ഇരിക്കുന്നത് എന്നാൽ അവിടെ 100 മീറ്റർ കാണാൻ സാധിച്ചു<br><br>➢ മഴക്കുഴി--എം ബുക്കിൽ 4 എണ്ണം എഴുതിയിരിക്കുന്നു എന്നാൽ മഴക്കുഴി മണ്ണ് മൂടി നികന്നു പോയിരിക്കുന്നു,<br><br>➢ കമ്പോസ്റ്റ് കുഴി--എം ബുക്കിൽ പറഞ്ഞത് പോലെ കമ്പോസ്റ്റ് കുഴി കാണാൻ |

കഴിഞ്ഞു .

13. ഇന്ദിരാവതി അമ്മ- ഇന്ദിരാഭവൻ

- കയ്യാല---എം.ബുക്കിൽ 28 മീറ്റർ എന്നാണു എഴുതി ഇരിക്കുന്നത് എന്നാൽ അവിടെ 51.4 മീറ്റർ കാണാൻ സാധിച്ചു

- മഴക്കുഴി-എം ബുക്കിൽ 4 മഴക്കുഴി പറഞ്ഞിട്ടുണ്ട് എന്നാൽ അവിടെ രണ്ടെണ്ണമേ കാണാൻ കഴിഞ്ഞൊള്ളു അത് മൂടപ്പെട്ടു കിടക്കുക ആയിരുന്നു.

- കമ്പോസ്റ്റ് കുഴി--കമ്പോസ്റ്റ് കുഴിയിൽ കരീല വാരിയിട്ടു ചുട്ടിരിക്കുന്നത് ആയി കാണാൻ കഴിഞ്ഞു.

14. ജോൺസൺ യോഹന്നാൻ -കാരുണ്യ ഭവൻ

- കയ്യാല---എം.ബുക്കിൽ 250 മീറ്റർ എന്നാണു എഴുതി ഇരിക്കുന്നത് എന്നാൽ അവിടെ 168.6 മീറ്റർ മാത്രമേ കാണാൻ സാധിച്ചുള്ളൂ.

15. ബിജി വൈ-ചരുവിള പുത്തൻവീട്

- കയ്യാല---എം.ബുക്കിൽ 78 മീറ്റർ എന്നാണു എഴുതി ഇരിക്കുന്നത് എന്നാൽ അവിടെ 31.1മീറ്റർ മാത്രമേ കാണാൻ കഴിഞ്ഞോള്ളു.

- മഴക്കുഴി--- എം ബുക്കിൽ പറഞ്ഞത് പോലെ 1മഴക്കുഴി കാണാൻ കഴിഞ്ഞു എന്നാൽ അതിൽ ചുള്ളി കമ്പുകൾ വാരി ഇട്ടിരിക്കുന്നു

16. ഉമ്മൻ ഗീവർഗീസ് -രഹബോത്ത് ഭവൻ

- കയ്യാല---എം.ബുക്കിൽ 240 മീറ്റർ എന്നാണു എഴുതി ഇരിക്കുന്നത് എന്നാൽ അവിടെ

168.9 മീറ്റർ മാത്രമേ കാണാൻ കഴിഞ്ഞോള്ളു

- മഴകുഴി-എം .ബുക്കിൽ 32 മഴക്കുഴി എഴുതിയിരിക്കുന്നു അവിടെ കാടുപിടിച്ച അവസ്ഥയിൽ മഴകുഴി കാണാൻ കഴിഞ്ഞു.

17. മറിയാമ്മ -ചരുവിള പുത്തൻവീട്

- കയ്യാല---എം.ബുക്കിൽ 135 മീറ്റർ എഴുതി ഇരിക്കുന്നത് എന്നാൽ അവിടെ 67.5 മീറ്റർ മാത്രമേ കാണാൻ സാധിച്ചുള്ളൂ.

- മഴകുഴി-എം ബുക്കിൽ പറഞ്ഞപോലെ 4 മഴക്കുഴി കാണാൻ കഴിഞ്ഞു.

- കമ്പോസ്റ്റ് കുഴി നികത്തി എന്ന് ഉടമസ്ഥരിൽ നിന്നും അറിയാൻ കഴിഞ്ഞു

18. സി ബേബി-മിനി മന്ദിരം

- കയ്യാല---എം.ബുക്കിൽ 135 മീറ്റർ എഴുതി ഇരിക്കുന്നത് എന്നാൽ അവിടെ 91.4 മീറ്റർ മാത്രമാണ് കാണാൻ കഴിഞ്ഞത്

19. വിജയകുമാരി അമ്മ -ഹരി മന്ദിരം

- കയ്യാല---എം.ബുക്കിൽ 35 മീറ്റർ എന്നാണു എഴുതി ഇരിക്കുന്നത് എന്നാൽ അവിടെ 10 മീറ്റർ മാത്രമേ കാണാൻ സാധിച്ചൊള്ളു,

- മഴകുഴി--എം ബുക്കിൽ 8 എണ്ണം എഴുതിയിരിക്കുന്നു എന്നാൽ അവിടെ ഒരു മഴകുഴിയും ഇല്ലായിരുന്നു

20. ശ്രീജ -ശ്രീജ ഭവൻ

- കയ്യാല---എം.ബുക്കിൽ 160 മീറ്റർ എന്നാണു എഴുതി ഇരിക്കുന്നത് എന്നാൽ അവിടെ 155 മീറ്റർ ആണ് കാണാൻ കഴിഞ്ഞത്.

| | |
|---|---|
| | ➢ മഴക്കുഴി -എം ബുക്കിൽ 124 എണ്ണം പറഞ്ഞിട്ടുണ്ട് എന്നാൽ അവിടെ മഴക്കുഴി നികത്തി ഫാം ആക്കിയിരിക്കുന്നു, ഇത് പഞ്ചായത്തിൽ അറിയിച്ചിട്ടുണ്ടെന്ന് ഉടമസ്ഥനിൽ നിന്നും മേറ്റിൽ നിന്നും അറിയാൻ കഴിഞ്ഞു.<br><br>21. ഷീല കുമാരി -അഭിലാഷ് ഭവൻ<br><br>➢ മൺകയ്യാല---എം.ബുക്കിൽ 82 മീറ്റർ എന്നാണു എഴുതി ഇരിക്കുന്നത് എന്നാൽ അവിടെ 62.6 മീറ്റർ മാത്രമാണ് കാണാൻ കഴിഞ്ഞത്, കയ്യാലയിൽ കൈത വെച്ചു പിടിപ്പിച്ചു സംരക്ഷിച്ചിട്ടുണ്ട്<br><br>➢ മഴകുഴി--എം ബുക്കിൽ പറഞ്ഞപോലെ 6 മഴക്കുഴി കാണാൻ കഴിഞ്ഞു എന്നാൽ അതിൽ എല്ലാം തെങ്ങ് കൃഷി ചെയ്തിരിക്കുന്നു.<br><br>22. പ്രിൻസി ജോൺസൺ --ചരുവിള വീട്<br><br>➢ കയ്യാല--എം.ബുക്കിൽ പറഞ്ഞ 65 മീറ്ററിൽ കയ്യാല കാണാൻകഴിഞ്ഞു.<br><br>➢ മഴകുഴി--എം ബുക്കിൽ പറഞ്ഞപോലെ 5 മഴക്കുഴി കാണാൻ കഴിഞ്ഞു. എന്നാൽ അതിൽ വാഴ കൃഷി ചെയ്തു ഇരിക്കുന്നതായി കണ്ടു.<br><br>➢ കമ്പോസ്റ്റ് കുഴി-- കമ്പോസ്റ്റ് കുഴി ചാണക കുഴി ആയി ഉപയോഗിക്കുന്നത് കാണാൻ കഴിഞ്ഞു<br><br>23. സരള -സീറിൾ നിവാസ്<br><br>➢ കയ്യാല---എം.ബുക്കിൽ 42 മീറ്റർ എന്നാണു എഴുതി ഇരിക്കുന്നത് എന്നാൽ അവിടെ 22.6 മീറ്റർ മാത്രമേ കാണാൻ കഴിഞ്ഞോള്ളൂ |

| | |
|---|---|
| | ➢ മഴകുഴി-എം ബുക്കിൽ 8 എണ്ണം എഴുതിയിരിക്കുന്നു എന്നാൽ അവിടെ 6 എണ്ണമാണ് കണ്ടത് അതിൽ 2 എണ്ണം മൂടപെട്ടും, ബാക്കി വാഴ കൃഷി ചെയ്തിരിക്കുന്നതായി കാണാൻ കഴിഞ്ഞു<br><br>➢ കമ്പോസ്റ്റ് കുഴി- കമ്പോസ്റ്റ് കുഴി മൂടപ്പെട്ടു.<br><br>• എം ബുക്കിൽ ഡിസ്‌പ്ലേ ബോർഡിന്റെ തുക എഴുതിയിട്ടുണ്ട് എന്നാൽ ഡിസ്‌പ്ലേ ബോർഡ് അവിടെ കാണാൻ കഴിഞ്ഞില്ല |

## അവകാശ അധിഷ്ടിത നിഷേധങ്ങൾ/ ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷൻ

- തൊഴിലാളികൾക്ക് ഒത്തൊരുമയും ഐക്യവും ഉള്ളതായും അറിയാൻ സാധിച്ചു.
- തൊഴിലാളികൾക്ക് ലഭ്യമാകേണ്ട എല്ലാ അടിസ്ഥാന സൗകര്യങ്ങളും (ടാർപോളിൻ, first aid) തൊഴിലാളികൾ വാങ്ങിയതാണെന്ന് അറിയാൻ കഴിഞ്ഞു.
- കനാൽ വൃത്തിയാക്കുമ്പോൾ കൈയ്യുറയും കാലുറയും ലഭ്യമായിരുന്നു എന്ന് പറഞ്ഞു.
- തൊഴിൽ സ്ഥലത്ത് വെച്ചുണ്ടായ അപകടങ്ങൾക്ക് അപകട പരിരക്ഷ ലഭിച്ചില്ലെന്ന് പരാതിപ്പെട്ടു.
- കനാലിൽ വലിയ രീതിയിലുള്ള മാലിന്യം തള്ളുന്നതിനാൽ തൊഴിലാളിക്ക് കനാൽ വൃത്തിയാക്കാൻ ഇറങ്ങാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതായി തൊഴിലാളികൾ പരാതിപ്പെട്ടു. പ്ലാസ്റ്റിക്ക് വേസ്റ്റുകൾ കനാലിൽ തള്ളുന്നത് പതിവാണെന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു.
- തൊഴിലാളികൾ എല്ലാം 5 കിലോമീറ്റർ ദൂരപരിധിക്കുള്ളിൽ നിന്ന് വരുന്നവരാണെന്ന് അറിയുവാൻ സാധിച്ചു.
- തൊഴിലാളികളിൽ കൂടുതൽ പേരും തൊഴിലുറപ്പ് പദ്ധതിയെ മാത്രം ഉപജീവനം ആക്കുന്നവർ ആണ്.

- പുതിയ തൊഴിൽ കാർഡിന് ആവശ്യമായ ഫോട്ടോ അവർതന്നെ നൽകിയതാണെന്ന് അറിയാൻ സാധിച്ചു.

## നിർദ്ദേശങ്ങൾ

- പ്രദേശത്തിന്റെ മണ്ണിന്റെ ഘടനയ്ക്ക് അനുയോജ്യമായ പ്രവർത്തികൾ തെരഞ്ഞെടുക്കുക
- ആസ്തി നിലനിൽക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഭൂവുടമയ്ക്ക് അവബോധം നൽകുക
- പ്രവർത്തി പൂർത്തീകരിക്കപ്പെടുന്ന മുറയ്ക്ക് ഡിസ്‌പ്ലേ ബോർഡ് സ്ഥാപിക്കുക
- തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ പഞ്ചായത്ത് തലത്തിൽ വാങ്ങി സൂക്ഷിക്കുകയും ഇവ തൊഴിലാളികൾക്ക് ലഭ്യമാകുന്ന ഉണ്ടോ എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
- മേറ്റുമാർക്ക് സമയബന്ധിതമായി പരിശീലനം നൽകുക
- ജൈവ സമ്പത്ത് വർദ്ധിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തികൾ ഏറ്റെടുക്കാൻ ശ്രമിക്കുക
- സ്ത്രീസൗഹൃദ പണിയായുധങ്ങൾ ആണെന്ന് ഉറപ്പുവരുത്തുക.

സോഷ്യൽ ഓഡിറ്റ് പങ്കെടുത്തവർ

1. വില്ലജ് റിസോഴ്സ് പേഴ്സൺസ്

- അഖില എസ് നായർ
- ആതിര വി
- ബ്ലെസി തോമസ്
- ചിത്ര വി ചെല്ലം

സഹായിച്ചവർ

- പഞ്ചായത്ത് പ്രസിഡന്റ്, പൂയപ്പള്ളി ഗ്രാമ പഞ്ചായത്ത്
- പഞ്ചായത്ത് സെക്രട്ടറി, പൂയപ്പള്ളി ഗ്രാമ പഞ്ചായത്ത്
- വാർഡ് മെമ്പർ ,പഞ്ചായത്ത് സമിതി അംഗങ്ങളും ജീവനക്കാരും

- MGNREGA നിർവ്വഹണ ഉദ്യോഗസ്ഥർ
- മേറ്റ്മാരും തൊഴിലാളികളും
- മഹാത്മാ ഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പു നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി

കേരള ടീം